SUNDAY 19/10/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/10/2025

1. കേരള കൃഷി വകുപ്പ് കൈവരിച്ച നേട്ടങ്ങൾ അവതരിപ്പിക്കുന്നതിനും ഭാവി വികസന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് **വിഷൻ** 2031 എന്ന സെമിനാർ **ഒക്ടോബർ 25ആം തീയതി ശനിയാഴ്ച** രാവിലെ 9 മണി മുതൽ 4 മണി വരെ ആലപ്പുഴ **യെസ്കേയ്** കൺവെൻഷൻ സെന്ററിൽ വെച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ കേരള കാർഷിക മേഖല കൈവരിച്ച **നേട്ടങ്ങളേയും വെല്ലുവിളികളെയും വിലയിരുത്തി കൊണ്ടുള്ള സെമിനാറാണ് സംഘടിപ്പിക്കുന്നത്.**

2. **"വിഷൻ 2031"** എന്ന പേരിൽ മൃഗസംരക്ഷണ ക്ഷീരവികസന സംസ്ഥാനതല സെമിനാർ കൊല്ലം കടയ്ക്കൽ ഗാഗോ കൺവെൻഷൻ സെൻററിൽ വച്ച് 2025 ഒക്ടോബർ 21 ന് രാവിലെ 10 മുതൽ വൈകിട്ട് 4 വരെ സംഘടിപ്പിക്കുന്നു. സെമിനാറിന്റെ ഉദ്ഘാടനം ധനകാര്യ വകുപ്പുമന്ത്രി K.N. ബാലഗോപാൽ ന്റെ അധ്യക്ഷതയിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുമന്ത്രി ജെ. ചിഞ്ചുറാണി നിർവ്വഹിക്കുന്നു. കേരള സർക്കാർ മൃഗസംരക്ഷണ – ക്ഷീരവികസന വകുപ്പുകൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംയുക്തമായാണ് സെമിനാർ സംഘടിപ്പിക്കുന്നത്. കൂടാതെ കെ.എൽ.ഡി. ബോർഡ്, കേരളാ ഫീഡ്സ്, കെപ്കോ, മിൽമാ, എം.പി.ഐ. തുടങ്ങിയ സർക്കാർ ഏജൻസികളും പരിപാടിയുമായി സഹകരിക്കുന്നു. മൃഗസംരക്ഷണ ക്ഷീര വികസന മേഖലകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കർഷകർ, സംരംഭകർ, ജനപ്രതിനിധികൾ, ക്ഷീരസംഘം പ്രതിനിധികൾ, ഉദ്യോഗസ്ഥർ, അക്കാദമിക് വിദഗ്ധർ, മാധ്യമ തുടങ്ങി പ്രവർത്തകർ, സ്വകാര്യ – പൊതുമേഖലാ സ്ഥാപന മേധാവികൾ ആയിരത്തോളം പ്രതിനിധികൾ പങ്കെടുക്കുന്ന വിപുലമായ സെമിനാറാണ് സംഘടിപ്പിക്കപ്പെടുന്നത്.

3. ഇടുക്കി ജില്ലയിലെ മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കാൻ അവസരം. പഞ്ചായത്ത് തല മൃഗാശുപത്രികളുമായും, വെറ്ററിനറി സബ് സെന്ററുകളുമായും ബന്ധപ്പെട്ട് അപേക്ഷകൾ സമർപ്പിക്കാം. സ്വന്തമായി ഭൂമിയുള്ളവർക്കും പാട്ടത്തിന് കൃഷി ചെയ്യുന്നവർക്കും അപേക്ഷിക്കാം. മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ജില്ലയിൽ കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുന്നതിന് ഊർജ്ജിത യജ്ഞം ഒക്ടോബർ 31

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വരെ നടക്കും. എല്ലാ കർഷകരും ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ഇടുക്കി ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു. പൂരിപ്പിച്ച അപേക്ഷ ഫോമിനൊപ്പം തിരിച്ചറിയൽ രേഖ (വോട്ടേഴ്സ് ഐ.ഡി/പാൻ കാർഡ്/ആധാർ കാർഡ്/ ഡ്രൈവിംഗ് ലൈസൻസ് മുതലായവയിൽ ഏതെങ്കിലും ഒന്നിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്), സ്ഥിരതാമസ രേഖ (2 മാസത്തിൽ താഴെ പഴക്കമുള്ള ഫോൺ ബിൽ/കരം രസീത്/വൈദ്യുതി ബിൽ/വോട്ടേഴ്സ് ഐ.ഡി/പാസ്പോർട്ട്/ആധാർ കാർഡ്/സർക്കാർ വകുപ്പുകളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ നൽകുന്ന സർട്ടിഫിക്കറ്റ്), ആറ് മാസത്തിനുള്ളിൽ എടുത്ത 2 പാസ്പോർട്ട് സൈസ് ഫോട്ടോകൾ എന്നിവ സഹിതം അപേക്ഷ നൽകണം.

4. 2025-ൽ മഴവെള്ള സംരക്ഷണവും സ്പ്രേയിംഗും നടത്തുന്ന റബ്ബർ തോട്ടങ്ങൾക്ക് റബ്ബർ ബോർഡിൽ നിന്നുള്ള സാമ്പത്തിക സഹായത്തിനായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2025 ഒക്ടോബർ 31 വരെ നീട്ടിയിരിക്കുന്നു. ഇതുവരെ അപേക്ഷ സമർപ്പിക്കാത്ത റബ്ബർ ഉത്പാദക സംഘങ്ങൾ നീട്ടിയ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

കാലയളവിനുള്ളിൽ ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അറിയിക്കുന്നു. ഏതെങ്കിലും സഹായത്തിന്, RPS-കൾക്ക് അടുത്തുള്ള റബ്ബർ ബോർഡ് റീജിയണൽ ഓഫീസ്/ഫീൽഡ് സ്റ്റേഷനുകളുമായി ബന്ധപ്പെടാം അല്ലെങ്കിൽ റബ്ബർ ബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കാം.

## പരിശീലന പരിപാടി

5. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ **ഒക്ടോബർ** 22, 23 എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471–2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് സന്ദേശം അയക്കുക.

6. തിരുവനന്തപുരത്തുള്ള വെള്ളായണി, കാർഷിക കോളജിലെ പോസ്റ്റ്ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിൽ വച്ച് പഴം – പച്ചക്കറി സംസ്കരണം" എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി 28.10.2025 ചൊവ്വാഴ്ച നടത്തുന്നു. പരിശീലന ഫീസ് 1000/-രൂപ. ആദ്യം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം നൽകുന്നത്. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ആഫീസ് സമയങ്ങളിൽ 8089076698 എന്ന നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വെച്ച് 2025 ഒക്ടോബർ 28-ാം തീയതി (ചൊവ്വാഴ്ച) രാവിലെ 10 മുതൽ വൈകിട്ട് 5 വരെ "കാട വളർത്തൽ" എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി നടത്തപ്പെടുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 04936-297084 എന്ന നമ്പരിൽ ഓഫീസ് സമയങ്ങളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി 24.10.2025. മുൻകൂട്ടി രജിസ്റ്റർ ചെയ്യുവർക്ക് മാത്രമേ പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം